(ബി) പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഒരു ബോട്ടിനും മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ വരുമെന്നുള്ളത് വസ്തുതയാണോ ; ആണെങ്കിൽ കടലിലെ മത്സ്യബന്ധന നിയന്ത്രണ നിർദ്ദേശം നടപ്പാക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുമോ ;

(സി) സമുദ്രമേഖലയിൽ കൂടുതൽ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്ന വിദഗ്ധ സമിതി ശിപാർശയോടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഉണ്ട്. കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ബഫർ സോണായി നിലനിർത്തുന്നതിന് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരു പ്രദേശം ബഫർ സോണായി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. നിലവിൽ എൽ.ഒ.പി.വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം കൂടുതലായി നടത്തുന്നത് കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. പ്രസ്തുത പ്രദേശത്ത് കേരളത്തിലെ മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനം നടത്തിവരുന്നുണ്ട്. ആയതിനാൽ ഈ ശിപാർശ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും.

(ബി) ഡോക്ടർ മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുകാരെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ശിപാർശകൾ നടപ്പിലാക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിദേശ മത്സ്യബന്ധന യാനങ്ങൾ aquire ചെയ്യുന്നതിനുള്ള ശിപാർശയും കൂട്ടുപങ്കാളിത്ത വ്യവസ്ഥയിൽ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യാനുള്ള ശിപാർശയും ഉൾപ്പെടെ വിദേശ നിക്ഷേപങ്ങൾ കൊണ്ടുവരണമെന്നുള്ള ശിപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും മറ്റ് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യത ഉള്ളതിനാലും അംഗീകരിക്കാൻ കഴിയുന്നതല്ല.

കാവുകളുടെ സംരക്ഷണം

26 (*26) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാവുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) കാവുകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ക്ഷേത്രങ്ങളിലെ തരിശു ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള വനംവകുപ്പിന്റെ പദ്ധതി 2010 മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും കാവുകളുടെ വിസ്തൃതിയുടേയും ആയതിലെ ജൈവവൈവിദ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കുന്ന 5 കാവുകൾക്ക് മുഖേന ചേർക്കുന്ന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായവും നല്കിവരുന്നു:

1. കാവുകളിലെ സസ്യജന്തു വൈവിദ്ധ്യം തിട്ടപ്പെടുത്തുക.
2. പരിപാലനത്തിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക.
3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കുള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
4. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

(ബി) വനം വകുപ്പിന്റെ കാവു സംരക്ഷണ പദ്ധതി സർക്കാർ ഉത്തരവ് G.O. (Rt) No. 354/2013/F & WLD തീയതി 12-9-2013 മാർഗ്ഗനിർദ്ദേശ പ്രകാരമാണ് നടപ്പിലാക്കുന്നത്. ആയത് പ്രകാരം കാവിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്. എന്നാൽ ആയതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലുള്ള സ്കീമിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട്

27 (*27) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഊർജ്ജിതമായി നടപ്പാക്കുന്ന നവ ഉദാരവൽക്കരണ സാമ്പത്തിക പരിഷ്കാരങ്ങളോടുള്ള നിലപാട് വെളിപ്പെടുത്താമോ ;

(ബി) സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്തെയും ജനങ്ങളേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിരിക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാരിന് വിയോജിപ്പുള്ള കേന്ദ്ര സാമ്പത്തിക പരിഷ്കാര നടപടികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യം മുൻ കേന്ദ്ര സർക്കാരിനേയോ ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനേയോ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സബ്സിഡികൾ വെട്ടിക്കുറക്കൽ, ഭൂമി ഏറ്റെടുക്കൽ നിയമ ഭേദഗതി, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ പരിഷ്കാര നടപടികളോടുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ടോ ;

(ഡി) ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്ന പ്രസ്തുത പരിഷ്കാരങ്ങൾക്കെതിരെ കേന്ദ്ര സർക്കാരിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ-ഡി) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം വിഷയാധിഷ്ഠിതമാണ്. കേന്ദ്ര സർക്കാരിന്റെ എല്ലാ നയങ്ങളേയും അന്ധമായി എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യുന്ന ഒരു സമീപനം ഈ സർക്കാരിനില്ല.

സംസ്ഥാനത്തിന്റെ കാർഷിക വ്യാവസായിക നയങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അവ ചൂണ്ടിക്കാട്ടാനും തിരുത്തിക്കാനും സർക്കാർ ശ്രമിച്ചിട്ടുണ്ട്.

വിവിധ വിഷയങ്ങളിൻമേൽ മുൻ കേന്ദ്രസർക്കാരും ഇപ്പോഴത്തെ സർക്കാരും കൈക്കൊണ്ടിട്ടുള്ള സമീപനങ്ങൾക്കനുസരിച്ചാണ് സംസ്ഥാന സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly